## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
## ചെയർമാന്റെ നടപടിക്രമം
*(ഹാജർ: ഡോ.അജിത് ഹരിദാസ്)*

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് - ജീവനക്കാര്യം - ബോർഡിൽ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരന്റെ കരാർ കാലാവധി ഒരു വർഷത്തേയ്ക്കുകൂടി നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

നമ്പർ പി.സി.ബി/ഇ1/2948/2018 തിരുവനന്തപുരം, തീയതി: 28-11-2019

---

പരാമർശം:
1) 03-10-2018 ലെ ഇതേ നമ്പർ നടപടിക്രമം.
2) 24-09-2019 ലെ എറണാകുളം മുഖ്യ പരിസ്ഥിതി എഞ്ചിനീയറുടെ പിസിബി/സിഎച്ച്എൻ/ഐഇ/2659/18 നമ്പർ കത്ത്.
3) 23-10-2019 ലെ എറണാകുളം മുഖ്യ പരിസ്ഥിതി എഞ്ചിനീയറുടെ പിസിബി/ആർ-ഇകെ-എം/ജിഇഎൻ-196/18 നമ്പർ കത്ത്.
4) 28-10-2019 ലെ ഇന്റർവ്യൂ.

## ഉത്തരവ്

ബോർഡിന്റെ CAAQMS, സ്റ്റേഷനുകളുടെ മെയിന്റനൻസ്, സെൻട്രൽ ലബോറട്ടറിയിലെ വിവിധ ഉപകരണങ്ങളുടെ Calibration, repair എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, RDS machine കളുടെ repair & Maintenance Supervision, എറണാകുളം മേഖലാ കാര്യാലയത്തിലെ Electrical works & Maintenance, Fire alarm installation and commission work, stack monitoring kit ന്റെ demonstration and coordination, സെൻട്രൽ ലാബിലെ വിവിധ ഉപകരണങ്ങളുടെ പർച്ചേഴ്സുമായി ബന്ധപ്പെട്ട സാങ്കേതിക ഉപദേശം നൽകൽ, ജില്ലാ കാര്യാലയങ്ങളുടെ Instrumental & Electrical System ന്റെ Operation & maintenance എന്നീ ചുമതലകൾ കാര്യക്ഷമമായി നടക്കുന്നതിന് ഒരു ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറുടെ സേവനം അത്യാന്താപേക്ഷിതമായ സാഹചര്യത്തിൽ സൂചന (1) പ്രകാരം നിയമനം നൽകിയ ശ്രീ.സനൽകുമാർ പി.എസ് നെ സൂചന (2 & 3) പ്രകാരം ലഭിച്ച കത്തുകളുടെ വെളിച്ചത്തിൽ ഇന്റർവ്യൂ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ കരാർ കാലാവധി 04-10-2019 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി 27000/- (ഇരുപത്തി ഏഴായിരം രൂപ മാത്രം) രൂപ മൊത്ത സഞ്ചിത വേതനത്തിൽ നിയമനം നൽകി ഉത്തരവാകുന്നു.

ടിയാളുടെ സേവനം തികച്ചും താല്ക്കാലിക അടിസ്ഥാനത്തിലായിരിക്കും. ടിയാളുടെ കർത്തവ്യവും സ്വഭാവവും തൃപ്തികരമല്ലെന്ന് കണ്ടെത്തിയാൽ നിയമനം റദ്ദുചെയ്യുന്നതാണ്. ഈ കോൺട്രാക്ട് നിയമനം കൊണ്ട് ബോർഡിന്റെ സർവ്വീസിൽ റഗുലറൈസ് ചെയ്ത് കിട്ടാനോ ഭാവിയിൽ ബോർഡിലെ റഗുലർ നിയമനത്തിന് അവകാശം ഉണ്ടായിരിക്കുകയോ ചെയ്യുന്നതല്ല.

കോൺട്രാക്ട് നിയമന വ്യവസ്ഥകളും നിബന്ധനകളും അംഗീകരിക്കുന്നപക്ഷം നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ചെയർമാൻ

ബന്ധപ്പെട്ട വ്യക്തിക്ക്
ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ, മുഖ്യകാര്യാലയം/മേഖലാ കാര്യാലയം, തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്.
ഐ റ്റി സെൽ
അക്കൗണ്ട്സ് ഓഫീസർ
ചെയർമാൻ/മെമ്പർ സെക്രട്ടറി എന്നിവരുടെ സി എ മാർക്ക്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ